

# വാർത്തകളും കുറിപ്പുകളും

## 1. ആരാധനകൾ

ആരാധനാ സമൂഹം ശക്തമായി പ്രാർത്ഥിച്ച് കൊണ്ടിരുന്നത് പ്രകാരം നിയന്ത്രണങ്ങളിൽ അയവ് ലഭിച്ചത് കൊണ്ട് ഏപ്രിൽ മാസത്തെ എല്ലാ ആരാധനകളും പൂർവ്വ സ്ഥിതിയിലേക്ക് വന്നതോർത്ത് ദൈവത്തെ സ്തുതിക്കുന്നു. വരിസംഖ്യാ കുടിശ്ശികയുടെ പിരിവിനോട് സഭാജനങ്ങൾ പുലർത്തിയ ഉത്സാഹത്തിനും താല്പര്യത്തിനുമായി എല്ലാവരോടും നന്ദി. മാർച്ച് 31-ന് മുൻപ് പണമടയ്ക്കാൻ സാധിക്കാത്തവർ എത്രയും വേഗം ഓൺലൈൻ ആയി കുടിശ്ശിക തീർപ്പാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

### എ) ഹോശാന ഞായർ

ഹോശാന ഞായർ ആരാധന ഏറ്റവും അനുഗ്രഹകരമായി നടന്നു. കുരുത്തോലയും, മലയാളം ആരാധനയ്ക്ക് മുമ്പ് നടത്തിയ പ്രദക്ഷിണവും കർത്താവിന്റെ ഹോശാന പെരുന്നാളിനെ അനുസ്മരിപ്പിച്ചു.

### ബി) വിശുദ്ധവാരധ്യാനയോഗങ്ങൾ

ഏപ്രിൽ 11 തിങ്കൾ മുതൽ 13 ബുധൻ വരെ വൈകിട്ട് നടത്തിയ 3 വിശുദ്ധവാരധ്യാനയോഗങ്ങളും ബുധനാഴ്ച പകൽ നടത്തിയ പ്രത്യേക സ്തോത്രപ്രാർത്ഥനായോഗവും ഏറ്റവും അനുഗ്രഹകരമായിരുന്നു. യെരുശലേം ദേവാലയത്തെയും, വിശുദ്ധ ആരാധനകളെയും പറ്റി ദൂത് നല്കിയ ശ്രീ. കെ. എൽ. ജോർജ്ജ് കുട്ടി സാറിനെയും, മനോഹരമായി ധ്യാനഗീതങ്ങൾ പാടിയ ധ്യാനയോഗ ഗായകസംഘാംഗങ്ങളെയും, ശ്രമകരമായ പരിശീലനങ്ങൾക്ക് നേതൃത്വം നല്കിയ ബിനോയിയെയും ഓർത്ത് ദൈവത്തെ സ്തുതിക്കുകയും, എല്ലാവരോടുമുള്ള നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു. തത്സമയ സംപ്രേഷണം ചെയ്യാൻ സാധിച്ചില്ലെങ്കിലും റെക്കോർഡ് ചെയ്ത വീഡിയോ സഭാജന ങ്ങൾക്കായി പങ്ക് വച്ചത് അനേകർക്ക് പ്രയോജനപ്പെട്ടു ധ്യാനയോഗ ങ്ങളുടെ ക്രമീകരണങ്ങളുടെ കൺവീനർമാരായി പ്രവർത്തിച്ച ശ്രീ. കോശി ജോർജ്ജ്, തോമസ് ബിജു മാത്യു, ശ്രീമതി ജോളി

മത്തായി എന്നിവർക്ക് സഭയുടെ പേരിലുള്ള നന്ദി അർപ്പിക്കട്ടെ.

**സി) പെസഹാ വ്യാഴം**

ഏപ്രിൽ 14 പെസഹാ വ്യാഴാഴ്ചയിലെ രണ്ട് ആരാധനകളും അനുഗ്രഹീതമായിരുന്നു. പെസഹാ അപ്പത്തിന്റെ ഓർമ്മയ്ക്കായി ആരാധനയ്ക്കുശേഷം നൽകിയ ലഘുഭക്ഷണവും ആസ്വാദ്യകര മായി; എല്ലാറ്റിനുമായി ദൈവത്തിന് സ്തോത്രം.

**ഡി) വലിയവെള്ളി**

കോവിഡ് കാലഘട്ടത്തിനു മുമ്പ് നടത്തിയിരുന്നതുപോലെ വലിയവെള്ളി ആരാധന ഏറ്റവും നല്ല രീതിയിൽ നടത്തുവാൻ സാധിപ്പിച്ചതിനും, പ്രകൃതിയെ അനുകൂലമാക്കി തന്നതിനും ദൈവത്തിന് സ്തോത്രം. 850 ഓളം സഭാജനങ്ങൾ ആരാധനയിലും ആരാധനയ്ക്ക് ശേഷം സെന്റിനറിഹാളിൽ നടത്തിയ സ്നേഹവിരുന്നിലും സംബന്ധിച്ചു. ക്രൂശിലെ തിരുമൊഴികളെപ്പറ്റി വചനം സംസാരിച്ച റവ. നൈനാൻ ജേക്കബ് അച്ചൻ, റവ. ജോർജ്ജ് ജോസഫ് അച്ചൻ, ശ്രീ. കോര എബ്രഹാം, ഡോ. തോമസ് ബിജു മാത്യു എന്നിവരോട് ഇടവക വികാരിയുടെ പേരിലും സഭയുടെ പേരിലും നന്ദി അർപ്പിക്കുന്നു. ഉച്ചഭക്ഷണവിതരണത്തിന് ശ്രമദാനം നടത്തിയ എല്ലാ വോളണ്ടിയർമാരോടും, ഇതിന്റെ നടത്തിപ്പിനായി ചർച്ച് കമ്മിറ്റി നിയോഗിച്ച അഡ്വ. പി. ജെ. കോശി, ശ്രീ. ജേക്കബ് തോമസ്, ശ്രീ. ജേക്കബ് കെ. വർഗീസ് എന്നിവരോടുമുള്ള പ്രത്യേക നന്ദി പറയുന്നു.

**ഇ. പാഷൻ റിസൈറ്റൽ - സംഗീത സായാഹ്നം**

ഏപ്രിൽ 16 ശനിയാഴ്ച വൈകിട്ട് നടന്ന പാഷൻ റിസൈറ്റലിൽ അതിമനോഹരമായി ഗാനാലാപനം നടത്തിയ ഓരോ സഭാ സംഘടനാ ഗായകസംഘത്തെയും സഭയുടെ പേരിൽ അഭിനന്ദിക്കട്ടെ. ഈ പ്രോഗ്രാമിനെപ്പറ്റി കേട്ടറിഞ്ഞ്, നമ്മുടെ സഭാംഗങ്ങളല്ലാത്തവരും പങ്കെടുത്തതിൽ ഏറ്റവും സന്തോഷം അറിയിക്കുന്നു. പാട്ട് പരിശീലനത്തിന് മുൻകൈ എടുത്ത ശ്രീ. ജോൺ ജേക്കബ് ഈപ്പൻ (ബിനോയ്), ശ്രീ. മാത്യു തോമസ് (മനു) എന്നിവരോടും എല്ലാ കാര്യങ്ങളും ഏകോപിപ്പിച്ച കൈക്കാരൻ ശ്രീ. ജോർജ്ജ്കോശിയോടും, ശ്രുതിമധുരമായി പാടിയ അൽമായ, വിമൻസ് ഫെലോഷിപ്പ്, യൂത്ത് മൂവ്മെന്റ്, യംഗ് ഫാമിലി ഫെലോഷിപ്പ്, ചർച്ച് ക്വയർ, ചർച്ച് കമ്മിറ്റി, എല്ലാറ്റിലുപരി ഏവരു ടെയും ശ്രദ്ധ പിടിച്ചു പറ്റിയ സൺഡേസ്കൂൾ കുഞ്ഞുങ്ങളോടും

സഭയുടെ പേരിൽ അഭിനന്ദനങ്ങൾ അറിയിക്കട്ടെ.

**എഫ്) ഈസ്റ്റർ**

ഈസ്റ്റർ ദിനത്തിൽ അതിരാവിലെ 4.30 മുതൽ നാല് ആരാധനകളും ഏറ്റവും അനുഗ്രഹകരമായി നടന്നു.

**2. വി.ബി.എസ്.**

ഏപ്രിൽ 4 തിങ്കൾ മുതൽ 9 ശനി വരെ വൈകുന്നേരം നടത്തിയ ഓൺലൈൻ വി. ബി. എസിൽ കുട്ടികൾ ഏറ്റവും സന്തോഷത്തോടെ പങ്കെടുത്തു. സൺഡേസ്കൂൾ സെക്രട്ടറിയുടെ പ്രത്യേക റിപ്പോർട്ട് 11-ാം പേജിൽ കൊടുത്തിട്ടുണ്ട്.

**3. റവ. സജി ചെറിയാൻ മാമ്മൻ അച്ചന്റെ ചികിത്സ**

നമ്മുടെ മുൻ സഹവികാരി സജിചെറിയാൻ മാമ്മൻ അച്ചന്റെ വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ സെന്ററിലെ വിദഗ്ദ്ധ പരിശോധനകൾ ഏതാണ്ട് പൂർത്തിയായി. മജ്ജമാറ്റിവെയ്ക്കൽ ശസ്ത്രക്രിയയ്ക്ക് മുമ്പ് നടത്തേണ്ട ചികിത്സകൾ പൂർത്തിയാക്കിയ ശേഷം വെല്ലൂർ ബെത്സാഥാ സെന്ററിൽ ശസ്ത്രക്രിയയുടെ തീയതിക്കായി കാത്തുകഴിയുന്ന അച്ചനെയും ഡോണർ ആയി എത്തിയ സഹോദരൻ ബിജുവിനെയും അച്ചന്റെ കുടുംബാംഗങ്ങളെയും തുടർന്ന് പ്രാർത്ഥനയിൽ വഹിക്കേണമേ എന്ന് അഭ്യർത്ഥിക്കുന്നു. ചികിത്സയ്ക്കുവേണ്ടി നാം സ്വരൂപിച്ച തുകയിൽ നിന്ന് 5 ലക്ഷം രൂപ അയച്ചു കൊടുത്തു എന്ന് അറിയിക്കുകയും സഹായിച്ച എല്ലാവരെയും ഓർത്ത് ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു. തുടർന്നും സഹായിക്കാൻ താല്പര്യമുള്ളവർ സഭയുടെ അക്കൗണ്ടിലേക്ക് പണം ട്രാൻസ്ഫർ ചെയ്യണമെന്ന് അപേക്ഷിക്കുന്നു.

നമ്മുടെ സഭയിൽ വിവിധ രോഗങ്ങളാൽ, പ്രത്യേകിച്ച് കാൻസർ, കോവിഡാനന്തര പ്രശ്നങ്ങൾ എന്നിവയാൽ വിഷമിക്കുന്നവരുടെ വിടുതലിനും, യേശുകർത്താവിന്റെ അടിപ്പിണരുകളാലുള്ള പൂർണസൗഖ്യത്തിനു വേണ്ടി സഭയായി പ്രാർത്ഥിക്കണം എന്ന് അപേക്ഷിക്കുന്നു.

ഉയിർത്തെഴുന്നേറ്റ ക്രിസ്തു, നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്,

**തോമസ് ബിജു മാത്യു**

സെക്രട്ടറി